പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5526** — **01.07.2014 ൽ മറുപടിയ്ക്ക്**

## യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി : | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) 2014-15 വർഷത്തിൽ യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) കേരളോത്സവം, യുവശക്തി, യുവവികാസ്, സാംസ്കാരിക പ്രവർത്തനങ്ങൾ, സാഹസിക കായിക പ്രവർത്തനങ്ങൾ, കരുതലും ക്ഷേമവും, ബോധവൽക്കരണ പ്രവർത്തനങ്ങൾ, കൃഷി-പരിസ്ഥിതി, ദേശീയോദ്ഗ്രഥന പരിപാടികൾ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, യൂത്ത് ഭവൻ, പഠന ഗവേഷണ കേന്ദ്രം, എന്നീ സ്കീമുകളിൽ ഉൾപ്പെടുന്ന പദ്ധതികളാണ് 2014-15 വർഷത്തിൽ ബോർഡ് നടത്തി വരുന്നത്. |
| (ബി) സംസ്ഥാനത്തെ കലാലയങ്ങൾ കേന്ദ്രീകരിച്ച് പാരിസ്ഥിതിക അവബോധം വളർത്തുന്നതിനും, മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗശീലം തടയുന്നതിനും ഉതകുന്ന പ്രത്യേക പ്രചരണ പരിപാടികളും ക്യാമ്പുകളും പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുമോ ; | (ബി) പാരിസ്ഥിതികാവബോധം വളർത്തുന്നതിനും, മദ്യം, മയക്കുമരുന്നിനുമെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ബോർഡിൽ നിന്നും ക്ലബ്ബുകൾക്കും മറ്റും ധനസഹായം നൽകി വരുന്നു. എല്ലാ ജില്ലകളിലും 5 ദിവസം നീണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ കലാ ജാഥ, ലഹരിക്കെതിരെയുള്ള സിനിമയായ 'മിസ് ഫിറ്റ്'ന്റെ പ്രദർശനം എന്നിവയും സംഘടിപ്പിച്ചു. |
| (സി) 2014-15 സാമ്പത്തിക വർഷത്തിൽ യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക വേണ്ടി മാറ്റിവെച്ച ആകെ തുക എത്രയാണെന്ന് അറിയിക്കുമോ ? | (സി) 2014-15 സാമ്പത്തിക വർഷം യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി 18,64,00,000/- (പതിനെട്ട് കോടി അറുപത്തി നാല് ലക്ഷം) രൂപയാണ് ബഡ്ജറ്റ് വിഹിതത്തിൽ മാറ്റി വച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ